**മധുരമായ കുട്ടികളേ - നിങ്ങൾക്ക് മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നതിനുള്ള പഠിപ്പ് പഠിക്കുകയും പഠിപ്പിക്കുകയും വേണം, ശാന്തിധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കുമുള്ള വഴി എല്ലാവർക്കും പറഞ്ഞുകൊടുക്കണം.**

**ചോദ്യം :-** ആരാണോ സതോപ്രധാനമായ പുരുഷാർത്ഥികൾ അവരുടെ ലക്ഷണം എന്തായിരിക്കും?
**ഉത്തരം :-** അവർ മറ്റുള്ളവരേയും തനിക്കുസമാനമാക്കി മാറ്റും. അവർ ഒരുപാടുപേരുടെ മംഗളം ചെയ്തുകൊണ്ടിരിക്കും. 21 ജന്മങ്ങളിലേയ്ക്കുള്ള സമ്പത്ത് എടുക്കും ഒപ്പം മറ്റുള്ളവരെക്കൊണ്ടും എടുപ്പിക്കും.

**ഗീതം :-** ഓം നമ:ശിവായ...

**ഓം ശാന്തി.** ഭക്തർ ആരുടെ മഹിമയാണോ ചെയ്യുന്നത്, നിങ്ങൾ ആ ബാബയുടെ സന്മുഖത്താണ് ഇരിക്കുന്നത്, അപ്പോൾ എത്ര സന്തോഷമുണ്ടായിരിക്കണം. ശിവനെ നമിക്കുന്നു എന്നു പറയുന്നത് അവരോടാണ്. നിങ്ങൾക്ക് നമിക്കേണ്ടതില്ല. അച്ഛനെ കുട്ടികൾ ഓർമ്മിക്കുകയാണ് ചെയ്യാറ്, നമിക്കാറില്ല. ഇതും അച്ഛനാണ്, ഈ അച്ഛനിലൂടെ നിങ്ങൾക്ക് സമ്പത്ത് ലഭിക്കുന്നു. നിങ്ങൾ നമസ്ക്കരിക്കുന്നില്ല ഓർമ്മിക്കുകയാണ് ചെയ്യുന്നത്. ജീവാത്മാവ് ഓർമ്മിക്കുന്നു. ബാബ ഈ ശരീരം ലോൺ എടുത്തിരിക്കുകയാണ്. ബാബ നമുക്ക് വഴി പറഞ്ഞുതരികയാണ് - ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് എങ്ങനെ നേടാൻ സാധിക്കും. നിങ്ങൾക്കും നന്നായി അറിയാം. സത്യയുഗമാണ് സുഖധാമം പിന്നീട് ആത്മാക്കൾ എവിടെയാണോ വസിക്കുന്നത് അതാണ് ശാന്തിധാമം. നമ്മൾ ശാന്തിധാമത്തിലെ നിവാസികളാണ് എന്നത് നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഈ കലിയുഗത്തെയാണ് ദുഃഖധാമം എന്നു പറയുന്നത്. നിങ്ങൾക്ക് അറിയാം നമ്മൾ ആത്മാക്കൾ എല്ലാവരും സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനായി, മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നതിനായി പഠിച്ചുകൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്മീ നാരായണന്മാർ ദേവതകളല്ലേ. പുതിയ ലോകത്തിനായി മനുഷ്യനിൽ നിന്നും ദേവതയായി മാറണം. ബാബയിലൂടെ നിങ്ങൾ പഠിക്കുന്നു. എത്രത്തോളം പഠിക്കുന്നോ, ചിലർ പഠിപ്പിൽ തീവ്രമായിരിക്കും ചിലർ തണുത്തവരായിരിക്കും. സതോപ്രധാന പുരുഷാർത്ഥികൾ മറ്റുള്ളവരേയും തനിക്കുസമാനമാക്കി മാറ്റുന്നതിനുള്ള നമ്പർവൈസ് പുരുഷാർത്ഥം ചെയ്യും, വളരെ അധികം പേരുടെ മംഗളം ചെയ്യും. എത്രത്തോളം ധനത്താൽ സഞ്ചി നിറച്ച് മറ്റുള്ളവർക്ക് ദാനം നൽകുന്നുവോ അത്രയും ലാഭമുണ്ടാകും. മനുഷ്യർ ദാനം ചെയ്യുന്നു, അതിന്റെ ഫലം അടുത്ത ജന്മത്തിൽ അല്പകാലത്തിലേയ്ക്കായി ലഭിക്കുന്നു. അതിൽ അല്പം സുഖവും ബാക്കി മുഴുവൻ ദുഃഖം തന്നെ ദുഃഖമാണ്. നിങ്ങൾക്ക് 21 ജന്മങ്ങളിലേയ്ക്കായി സ്വർഗ്ഗീയ സുഖം ലഭിക്കുന്നു. സ്വർഗ്ഗത്തിലെ സുഖത്തിന്റെ സ്ഥാനം എവിടെയാണ്, ഈ ദുഃഖത്തിന്റെ സ്ഥാനം എവിടെയാണ്! പരിധിയില്ലാത്ത ബാബയിലൂടെ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പരിധിയില്ലാത്ത സുഖം ലഭിക്കുന്നു. ഈശ്വരാർത്ഥം ദാനപുണ്യങ്ങൾ ചെയ്യാറില്ലേ. അത് പരോക്ഷമായതാണ്. ഇപ്പോൾ നിങ്ങൾ സന്മുഖത്തല്ലേ. ഇപ്പോൾ ബാബയിരുന്ന് മനസ്സിലാക്കിത്തരുകയാണ്- ഭക്തിമാർഗ്ഗത്തിൽ ഈശ്വരാർത്ഥം ദാനപുണ്യങ്ങൾ ചെയ്യുന്നതിന്റെ ഫലം അടുത്ത ജന്മത്തിൽ ലഭിക്കുന്നു. ആരെങ്കിലും നന്മ ചെയ്യുമ്പോൾ നല്ലത് ലഭിക്കുന്നു, മോശമായ പാപങ്ങൾ ചെയ്യുമ്പോൾ അതിനും സമാനമായത് ലഭിക്കുന്നു. ഇപ്പോൾ നിങ്ങൾ ഭാവിയിലെ 21 ജന്മങ്ങളിലേയ്ക്ക് സദാ സുഖിയായി മാറുന്നു. പേരുതന്നെ സുഖധാമം എന്നാണ്. പ്രദർശിനിയിലും നിങ്ങൾക്ക് എഴുതുവാൻ സാധിക്കും ഇത് ശാന്തിധാമം സുഖധാമത്തിലേയ്ക്കുള്ള വഴിയാണ്, ശാന്തിധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും പോകുന്നതിനുള്ള സഹജമായ വഴിയാണ്. ഇപ്പോൾ കലിയുഗമല്ലേ. കലിയുഗത്തിൽ നിന്നും സത്യയുഗത്തിലേയ്ക്ക്, പതിത ലോകത്തിൽ നിന്നും പാവനമായ ലോകത്തിലേയ്ക്ക് പോകുന്നതിനുള്ള സഹജമായ വഴി - ഒരു കക്കയുടെപോലും ചിലവില്ലാതെ. അപ്പോഴേ മനുഷ്യർ മനസ്സിലാക്കൂ കാരണം കല്ലുബുദ്ധികളല്ലേ. ബാബ വളരെ സഹജമാക്കി മനസ്സിലാക്കിത്തരുന്നു. ഇതിന്റെ പേരുതന്നെ സഹജ രാജയോഗം, സഹജ ജ്ഞാനം എന്നാണ്.

ബാബ നിങ്ങൾ കുട്ടികളെ എത്ര വിവേകശാലികളാക്കി മാറ്റുന്നു. ഈ ലക്ഷ്മീ നാരായണന്മാർ വിവേകശാലികളല്ലേ. കൃഷ്ണനെക്കുറിച്ച് എന്തെല്ലാമാണ് എഴുതിവെച്ചിരിക്കുന്നത്, അതെല്ലാം അസത്യമായ കളങ്കങ്ങളാണ്. അമ്മേ ഞാൻ വെണ്ണ കഴിച്ചില്ല... എന്ന് കൃഷ്ണൻ പറഞ്ഞു ഇപ്പോൾ ഇതിന്റെ അർത്ഥവും മനസ്സിലാക്കുന്നില്ല. ഞാൻ വെണ്ണ കഴിച്ചില്ലെങ്കിൽ പിന്നെ ആരാണ് കഴിച്ചത്? കുട്ടികൾക്ക് പാലുകൊടുക്കാറുണ്ട്, കുട്ടികൾ വെണ്ണ കഴിക്കുമോ അതോ പാല് കുടിക്കുമോ! വെണ്ണക്കുടം പൊട്ടിച്ചതായി കാണിക്കുന്നു ഇങ്ങനെ ഒരു കാര്യവുമില്ല. കൃഷ്ണൻ സ്വർഗ്ഗത്തിലെ ആദ്യത്തെ രാജകുമാരനാണ്. മഹിമ ഒരേയൊരു

ശിവബാബയുടേതാണ്. ലോകത്തിൽ മറ്റാർക്കും മഹിമയില്ല! ഈ സമയത്ത് എല്ലാവരും പതിതരാണ് എന്നാൽ ഭക്തിമാർഗ്ഗത്തിനും മഹിമയുണ്ട്, ഭക്തമാല എന്നും പാടപ്പെട്ടിട്ടുണ്ട്. സ്ത്രീകളിൽ മീരയുടെ നാമവും പുരുഷന്മാരിൽ നാരദനുമാണ് മുഖ്യം. നിങ്ങൾക്കറിയാം ഒന്ന് ഭക്തരുടെ മാലയാണ് അടുത്തത് ജ്ഞാനത്തിന്റെ മാലയാണ്. ഭക്തമാലയിൽ നിന്നും രുദ്രമാലയിലേതായി മാറി ഇനി രുദ്രമാലയിൽ നിന്നും വിഷ്ണുവിന്റെ മാലയിലേതായി മാറും. രുദ്രമാല സംഗമയുഗത്തിലേതാണ്, ഈ രഹസ്യം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ഈ കാര്യങ്ങൾ ബാബ സന്മുഖത്തിരുന്ന് നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ്. സന്മുഖത്ത് എപ്പോഴാണോ ഇരിക്കുന്നത് അപ്പോൾ നിങ്ങൾക്ക് രോമാഞ്ചം ഉണ്ടാകണം. ആഹാ സൗഭാഗ്യം – 100 ശതമാനം ദുർഭാഗ്യശാലിയിൽ നിന്നും നമ്മൾ സൗഭാഗ്യശാലിയായി മാറുകയാണ്. കുമാരിമാർ കാമകഠാരിയ്ക്കുതാഴെ പോയിട്ടില്ല. ബാബ പറയുന്നു അത് കാമ കഠാരിയാണ്. ജ്ഞാനത്തേയും കഠാരി എന്നാണ് പറയുന്നത്. ബാബ പറഞ്ഞിട്ടുണ്ട് ജ്ഞാനം അസ്ത്ര ശസ്ത്രങ്ങളാണ്, അതിനാൽ അവർ ദേവിമാർക്ക് സ്ഥൂലമായ അസ്ത്ര ശസ്ത്രങ്ങൾ നൽകി. അതെല്ലാം ഹിംസിക്കുന്നതിനുള്ള സാധനങ്ങളാണ്. മനുഷ്യർക്ക് സ്വദർശന ചക്രം എന്താണെന്നതും അറിയില്ല. ശാസ്ത്രങ്ങളിലും കൃഷ്ണന് സ്വദർശന ചക്രം നൽകി ഹിംസകനിലും ഹിംസകനാക്കി കാണിച്ചു. വാസ്തവത്തിൽ ഇത് ജ്ഞാനത്തിന്റെ കാര്യമാണ്. നിങ്ങൾ ഇപ്പോൾ സ്വദർശന ചക്രധാരിയായി മാറി എന്നാൽ അവർ പിന്നീട് ഹിംസയുടെ കാര്യങ്ങൾ കാണിച്ചിരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ സ്വ അർത്ഥം ചക്രത്തിന്റെ ജ്ഞാനം ലഭിച്ചിരിക്കുന്നു. നിങ്ങളെ ബാബ ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണകുല ഭൂഷണർ, സ്വദർശന ചക്രധാരി എന്നു വിളിക്കുന്നു. ഇതിന്റെ അർത്ഥവും ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു. നിങ്ങൾക്ക് മുഴുവൻ 84 ജന്മങ്ങളുടേയും സൃഷ്ടി ചക്രത്തിന്റേയും ജ്ഞാനമുണ്ട്. ആദ്യം സത്യയുഗത്തിൽ ഒരേയൊരു സൂര്യവംശി ധർമ്മമായിരുന്നു പിന്നീട് ചന്ദ്രവംശിയും. ഇവ രണ്ടും ചേർന്നതാണ് സ്വർഗ്ഗം. ഈ കാര്യങ്ങൾ നിങ്ങളിലും നമ്പർവൈസ് ആയാണ് ബുദ്ധിയിൽ ഇരിക്കുന്നത്. നിങ്ങളെ ബാബ പഠിപ്പിച്ചിട്ടുണ്ട്, നിങ്ങൾ പഠിച്ച് സമർത്ഥരായി മാറി. ഇപ്പോൾ നിങ്ങൾക്ക് മറ്റുള്ളവരുടെ മംഗളം ചെയ്യണം. സ്വദർശന ചക്രധാരിയായി മാറണം. ഏതുവരെ ബ്രഹ്മാമുഖവംശാവലിയായി മാറുന്നില്ലയോ അതുവരെ എങ്ങനെ ശിവബാബയിൽ നിന്നും സമ്പത്തെടുക്കാൻ സാധിക്കും. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരായിരിക്കുന്നു. സമ്പത്ത് ശിവബാബയിൽ നിന്നും എടുക്കുകയാണ്. ഇത് മറന്നുപോകരുത്. പോയന്റ്സ് കുറിച്ചുവെയ്ക്കണം. ഈ ഏണിപ്പടി 84 ജന്മങ്ങളുടേതാണ്. ഏണിപ്പടി ഇറങ്ങുന്നത് എളുപ്പമാണ്. ഏണിപ്പടി കയറുമ്പോൾ ഇടുപ്പിന് കൈകൊടുത്ത് എത്ര ബുദ്ധിമുട്ടിയാണ് കയറുന്നത്. എന്നാൽ ലിഫ്റ്റുമുണ്ട്. ഇപ്പോൾ ബാബ വരുന്നത് നിങ്ങൾക്ക് ലിഫ്റ്റ് നൽകാനാണ്. സെക്കന്റിൽ ഉയരുന്ന കലയുണ്ടാകുന്നു. ഇപ്പോൾ നമ്മുടേത് ഉയരുന്ന കലയാണ് എന്നതിൽ നിങ്ങൾ കുട്ടികൾക്ക് വളരെ അധികം സന്തോഷം ഉണ്ടാകണം. അതിസ്നേഹിയായ ബാബയെ ലഭിച്ചിരിക്കുന്നു. ബാബയെപ്പോലെ സ്നേഹമുള്ള മറ്റൊന്നുമില്ല. സാധു സന്യാസിമാർ ആരെല്ലാമുണ്ടോ അവർ എല്ലാവരും ആ ഒരേയൊരു പ്രിയതമനെയാണ് ഓർമ്മിക്കുന്നത്, എല്ലാവരും ബാബയുടെ പ്രിയതമകളാണ്. എന്നാൽ ആ പ്രിയതമൻ ആരാണ്, ഇതൊന്നും തന്നെ മനസ്സിലാക്കുന്നില്ല. കേവലം സർവ്വവ്യാപിയെന്നു പറയുന്നു.

നിങ്ങൾക്ക് ഇപ്പോളറിയാം ശിവബാബ നമ്മളെ ഇദ്ദേഹത്തിലൂടെ പഠിപ്പിക്കുകയാണ്. ശിവബാബയ്ക്ക് തന്റേതായി ശരീരമില്ല. ബാബ പരമാത്മാവാണ്. പരമാത്മാവ് അർത്ഥം പരമമായ ആത്മാവ്. പേര് ശിവൻ എന്നാണ്. ബാക്കി എല്ലാ ആത്മാക്കൾക്കും ശരീരത്തിനായി വേറെ വേറെ പേരുകൾ ലഭിക്കും. ഒരേയൊരു പരമാത്മാവേയുള്ളു, പേര് ശിവൻ എന്നാണ്. പിന്നീട് മനുഷ്യർ അനേകം പേരുകൾ വെച്ചു. ഭിന്ന–ഭിന്ന ക്ഷേത്രങ്ങൾ നിർമ്മിച്ചു. ഇപ്പോൾ നിങ്ങൾ അർത്ഥം മനസ്സിലാക്കുന്നുണ്ട്. ബോംബെയിൽ ബബൂൽനാഥിന്റെ ക്ഷേത്രമുണ്ട്, ഈ സമയം നിങ്ങളെ മുള്ളുകളിൽ നിന്നും പൂക്കളാക്കി മാറ്റുകയാണ്. വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. അതിനാൽ ആദ്യത്തെ മുഖ്യമായ കാര്യമിതാണ് അതായത് നമ്മൾ ആത്മാക്കൾ ഒരേയൊരു ബാബയുടേതാണ്, ബാബയിൽ നിന്നാണ് ഭാരതവാസികൾക്ക് സമ്പത്ത് ലഭിക്കുന്നത്. ഈ ലക്ഷ്മീ നാരായണന്മാർ ഭാരതത്തിന്റെ അധികാരികളല്ലേ. ചൈനയുടേതല്ലല്ലോ. ചൈനയുടേതാണെങ്കിൽ മുഖം തന്നെ വേറെയായിരിക്കും. ഇവർ ഭാരതത്തിന്റേതാണ്. ആദ്യമാദ്യം വെളുത്തതും പിന്നീട് കറുത്തതുമാകുന്നു. ആത്മാവിൽത്തന്നെയാണ് കറ പിടിക്കുന്നത്, കറുക്കുന്നത്. എല്ലാത്തിനും ഉദാഹരണം ബ്രഹ്മാബാബയാണ്. ബ്രഹ്മരി കീടത്തെ പരിവർത്തനപ്പെടുത്തി തനിക്കുസമാനമാക്കി മാറ്റുന്നു. സന്യാസിമാർ എന്ത് മാറ്റമാണ് ഉണ്ടാക്കുന്നത്! വെളുത്ത വസ്ത്രം ധരിച്ചവരെ കാഷായ വസ്ത്രം ധരിപ്പിച്ച് തല മുണ്ഢനം ചെയ്യിക്കുന്നു. നിങ്ങളാണെങ്കിൽ ഈ ജ്ഞാനം എടുക്കുന്നു. ലക്ഷ്മീ നാരായണന്മാരെപ്പോലെ ശോഭനീയരാകുന്നു. ഇപ്പോൾ പ്രകൃതി തമോപ്രധാനമാണ്, അതിനാൽ ഈ ഭൂമിയും തമോപ്രധാനമാണ്. നാശം വിതയ്ക്കുന്നതാണ്. അന്തരീക്ഷത്തിൽ കൊടുങ്കാറ്റ് വീശുന്നു, എത്ര നഷ്ടമുണ്ടാക്കുന്നു, ഉപദ്രവം ഉണ്ടാകുന്നു. ഇപ്പോൾ ഈ ലോകത്തിൽ പരമദുഃഖമാണ്. അവിടെ പിന്നീട് പരമസുഖവും ഉണ്ടാകും.

ബാബ പരമദുഃഖത്തിൽ നിന്നും പരമസുഖത്തിലേയ്ക്ക് കൊണ്ടുപോകുന്നു. ഇതിന്റെ വിനാശം ഉണ്ടാകുന്നു പിന്നീട് സതോപ്രധാനമായി മാറും. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്ത് ബാബയിൽ നിന്നും എത്ര സമ്പത്ത് എടുക്കണമോ അത്രയും എടുക്കൂ. ഇല്ലെങ്കിൽ അവസാനം പശ്ചാത്തപിക്കേണ്ടതായി വരും. ബാബ വന്നു എന്നാൽ ഞങ്ങൾ ഒന്നും എടുത്തില്ല. ഇതും എഴുതിയിട്ടുണ്ട് – വൈക്കോൽക്കൂനയ്ക്ക് തീ പിടിക്കുമ്പോൾ കുംഭകർണ്ണന്മാർ ഉറക്കത്തിൽ നിന്നും ഉണരും. പിന്നീട് അയ്യോ അയ്യോ എന്ന് നിലവിളിച്ച് മരിച്ചുവീഴും. അയ്യോ അയ്യോ എന്ന നിലവിളിയ്ക്കുശേഷം ജയജയാരവം ഉണരും. കലിയുഗത്തിൽ അയ്യോ അയ്യോ എന്ന നിലവിളിയല്ലേ ഉള്ളത്. പരസ്പരം വഴക്കടിച്ചുകൊണ്ടിരിക്കുന്നു. വളരെ അധികം പേർ മരിക്കുന്നു. കലിയുഗത്തിനുശേഷം തീർച്ചയായും സത്യയുഗമുണ്ടാകും. ഇടയിലുള്ളതാണ് ഈ സംഗമം. ഇതിനെ പുരുഷോത്തമ യുഗം എന്നാണ് പറയുന്നത്. ബാബ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുന്നതിനുള്ള നല്ലയുക്തി പറഞ്ഞുതരുന്നു. കേവലം പറയുന്നു എന്നെ ഓർമ്മിക്കൂ മറ്റൊന്നും ചെയ്യേണ്ടതില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ തല കുമ്പിടേണ്ട ആവശ്യവുമില്ല. ബാബയുടെ മുന്നിൽ ആരെങ്കിലും കൈകൂപ്പിയാൽ ബാബ പറയും, നിങ്ങൾ ആത്മാക്കൾക്കും കൈയ്യില്ല, ബാബയ്ക്കും കൈയ്യില്ല, പിന്നെ ആരെയാണ് കൈകൂപ്പുന്നത്. കലിയുഗീ ഭക്തിമാർഗ്ഗത്തിലെ ഒരു അടയാളവും ഇവിടെ ഉണ്ടാകരുത്. അല്ലയോ ആത്മാവേ നീ എന്തിനാണ് കൈകൂപ്പുന്നത്? കേവലം അച്ഛനായ എന്നെ ഓർമ്മിക്കൂ. ഓർമ്മിക്കുക എന്നതിന്റെ അർത്ഥം കൈകൂപ്പുക എന്നല്ല. മനുഷ്യരാണെങ്കിൽ സൂര്യനേയും നമസ്ക്കരിക്കും, മഹാത്മാക്കളേയും നമസ്ക്കരിക്കും. നിങ്ങൾക്ക് നമസ്ക്കരിക്കേണ്ടതില്ല, ഇത് ഞാൻ ലോൺ എടുത്ത ശരീരമാണ്. എന്നാൽ ആരെങ്കിലും കൈകൂപ്പുകയാണെങ്കിൽ തിരിച്ച് നമസ്ക്കരിക്കേണ്ടിവരുന്നു. നിങ്ങൾക്കാണെങ്കിൽ ഇത് മനസ്സിലാക്കുകയാണ് വേണ്ടത് അതായത് നാം ആത്മാക്കളാണ്, നമുക്ക് ഈ ബന്ധനത്തിൽ നിന്നും വേറിട്ട് ഇപ്പോൾ വീട്ടിലേയ്ക്ക് തിരിച്ചുപോകണം. ഈ ശരീരത്തോട് വെറുപ്പ് തോന്നുന്നു. ഈ പഴയ ശരീരത്തെ ഉപേക്ഷിക്കണം. എങ്ങനെയാണോ സർപ്പം ചെയ്യുന്നത്. ബ്രഹ്മരിയിൽ പോലും എത്ര ബുദ്ധിയാണ് അത് കീടങ്ങളെ ബ്രഹ്മരിയാക്കി മാറ്റുന്നു. നിങ്ങൾ കുട്ടികളും വിഷയ സാഗരത്തിൽ മുങ്ങിക്കൊണ്ടിരിക്കുന്നവരെ രക്ഷിച്ച് പാൽക്കടലിലേയ്ക്ക് കൊണ്ടുപോകുന്നു. ഇപ്പോൾ ബാബ പറയുന്നു– ശാന്തിധാമത്തിലേയ്ക്ക് പോകാം. മനുഷ്യർ ശാന്തിക്കുവേണ്ടി എത്ര തലയിട്ട് ഉടയ്ക്കുന്നു. സന്യാസിമാർക്ക് സ്വർഗ്ഗത്തിലെ ജീവന്മുക്തി ലഭിക്കുകയില്ല. മുക്തി ലഭിക്കും, ദുഃഖത്തിൽ നിന്നും രക്ഷപ്പെട്ട് ശാന്തിധാമത്തിൽ ചെന്നിരിക്കും. എങ്കിലും ആത്മാവ് ഏറ്റവുമാദ്യം ജീവന്മുക്തിയിലേയ്ക്കാണ് വരുന്നത്. പിന്നീട് ജീവൻ ബന്ധനത്തിലേയ്ക്ക് വരുന്നു. ആത്മാവ് സതോപ്രധാനമാണ് പിന്നീടാണ് ഏണിപ്പടി ഇറങ്ങുന്നത്. ആദ്യം സുഖം അനുഭവിച്ച് പിന്നീട് താഴെയ്ക്ക് ഇറങ്ങി ഇറങ്ങി തമോപ്രധാനമായിത്തീരുന്നു. ഇപ്പോൾ വീണ്ടും എല്ലാവരേയും തിരിച്ച് കൊണ്ടുപോകാൻ ബാബ വന്നിരിക്കുന്നു. ബാബ പറയുന്നു എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങൾ പാവനമായി മാറും.

ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് മനുഷ്യർ ശരീരം ഉപേക്ഷിക്കുമ്പോൾ വളരെ അധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നു എന്തുകൊണ്ടെന്നാൽ ശിക്ഷകൾ അനുഭവിക്കേണ്ടതുണ്ട്. ശിവനിൽ ബലിയായാൽ മുക്തി ലഭിക്കും എന്നു കരുതിയാണ് കാശി കൽവെട്ടിൽ ബലിയാകുന്നത്. നിങ്ങൾ ഇപ്പോൾ ബലിയാവുകയല്ലേ, അതിനാൽ ഭക്തിമാർഗ്ഗത്തിലും ഈ കാര്യം നടന്നുവരുന്നു. അതിനാൽ ചെന്ന് ശിവനിൽ ബലിയാകുന്നു. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു ആർക്കും തിരിച്ചുപോകാൻ കഴിയില്ല. ബാക്കി, അത്രയും ബലിയാകുന്നതിലൂടെ പാപം ഇല്ലാതാകുന്നു പിന്നീട് കണക്കുകൾ പുതിയതായി തുടങ്ങുന്നു. നിങ്ങൾ ഈ സൃഷ്ടി ചക്രത്തെ അറിഞ്ഞുകഴിഞ്ഞു. ഈ സമയത്ത് എല്ലാവരുടേയും താഴേയ്ക്ക് ഇറങ്ങുന്ന കലയാണ്. ബാബ പറയുന്നു ഞാൻ വന്ന് എല്ലാവരുടേയും സദ്ഗതി ചെയ്യുന്നു. എല്ലാവരേയും വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നു. പതിതരെ കൂടെക്കൊണ്ടുപോവുകയില്ല അതിനാൽ ഇപ്പോൾ പവിത്രമായി മാറൂ എങ്കിൽ നിങ്ങളുടെ ജ്യോതി തെളിയും. വിവാഹസമയത്ത് സ്ത്രീയുടെ തലയിൽ കുടത്തിൽ ജ്യോതി തെളിയിക്കാറുണ്ട്. ഈ ആചാരവും ഇവിടെ ഭാരതത്തിലാണുള്ളത്. സ്ത്രീകളുടെ തലയിൽ കുടം വെച്ച് അതിൽ ജ്യോതി തെളിയിക്കുന്നു, പതിയുടെമേൽ തെളിയിക്കുന്നില്ല, എന്തുകൊണ്ടെന്നാൽ പതിയെ ഈശ്വരൻ എന്നാണ് പറയുന്നത്. പിന്നെ ഈശ്വരന്റെമേൽ എങ്ങനെ ജ്യോതി തെളിയിക്കും. അതിനാൽ ബാബ മനസ്സിലാക്കിത്തരുന്നു എന്റെ ജ്യോതി തെളിഞ്ഞതാണ്. ഞാൻ നിങ്ങളുടെ ജ്യോതി തെളിയിക്കുന്നു. ബാബയെ പ്രകാശം എന്നും പറയാറുണ്ട്. ബ്രഹ്മസമാജക്കാർ ജ്യോതിയെ അംഗീകരിക്കുന്നുണ്ട്, സദാ ജ്യോതി തെളിഞ്ഞുകൊണ്ടിരിക്കും, അതിനെത്തന്നെയാണ് ഓർമ്മിക്കുന്നത്, അതിനെയാണ് ഭഗവാൻ എന്ന് കരുതുന്നത്. മറ്റുചിലർ കരുതുന്നു ചെറിയ ജ്യോതിയായ ആത്മാവ് വലിയ ജ്യോതിയായ പരമാത്മാവിൽ ലയിക്കുമെന്ന്. അനേകം അഭിപ്രായങ്ങളുണ്ട്. ബാബ പറയുന്നു നിങ്ങളുടെ ധർമ്മം വളരെ അധികം സുഖം നൽകുന്നതാണ്. നിങ്ങൾ സ്വർഗ്ഗത്തിൽ വളരെ അധികം സുഖം കാണും. പുതിയ ലോകത്തിൽ നിങ്ങൾ ദേവതയാകുന്നു. നിങ്ങളുടെ പഠിപ്പ് ഭാവിയിലെ പുതിയ ലോകത്തിനുവേണ്ടിയുള്ള

താണ്, ബാക്കിയുള്ള പഠിപ്പുകളെല്ലാം ഇവിടേയ്ക്കുവേണ്ടിയുള്ളതാണ്. ഇവിടെ നിങ്ങൾക്ക് പഠിച്ച് ഭാവിയിലെ പദവി നേടണം. ഗീതയിലും രാജയോഗം പഠിപ്പിച്ചിട്ടുണ്ട്. പിന്നീട് അവസാനം യുദ്ധം നടന്നു, ഒന്നും ബാക്കിയില്ലാതായി. പാണ്ഢവരുടെ കൂടെ നായയെകാണിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു ഞാൻ നിങ്ങളെ ഭഗവാൻ ഭഗവതിയാക്കി മാറ്റുന്നു. ഇവിടെയാണെങ്കിൽ അനേകം പ്രകാരത്തിലുള്ള ദുഃഖങ്ങൾ നൽകുന്ന മനുഷ്യരുണ്ട്. കാമകഠാരി ഉപയോഗിച്ച് എത്ര ദുഃഖം നൽകുന്നു. അതിനാൽ ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈ സന്തോഷം ഉണ്ടായിരിക്കണം അതായത് പരിധിയില്ലാത്ത ബാബ ജ്ഞാനസാഗരൻ നമ്മളെ പഠിപ്പിക്കുകയാണ്. വളരെ സ്നേഹിയായ പ്രിയതമനാണ്. നമ്മൾ പ്രിയതമകൾ അരകല്പം ഓർമ്മിച്ചിരുന്നു. നിങ്ങൾ എന്നെ ഓർമ്മിച്ചുവന്നു, ഇപ്പോൾ ബാബ പറയുന്നു ഞാൻ വന്നിരിക്കുന്നു, നിങ്ങൾ എന്റെ ശ്രീമതമനുസരിച്ച് നടക്കൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി പിതാവായ എന്നെ ഓർമ്മിക്കൂ. രണ്ടാമത് മറ്റാരുമില്ല. എന്നെ ഓർമ്മിക്കാതെ നിങ്ങളുടെ പാപം ഭസ്മമാവുകയില്ല. ഓരോ കാര്യത്തിലും സർജനോട് അഭിപ്രായം ചോദിക്കൂ. അപ്പോൾ ഇങ്ങനെ ഇങ്ങനെ കാര്യങ്ങൾ ചെയ്യൂ എന്ന് ബാബ നിർദേശം നൽകും. അഥവാ നിർദേശം അനുസരിച്ച് നടക്കുകയാണെങ്കിൽ ഓരോ ചുവടിലും കോടികൾ ലഭിക്കും. നിർദേശം സ്വീകരിച്ചാൽ പിന്നീട് ഉത്തരവാദിത്വത്തിൽ നിന്നും രക്ഷപ്പെട്ടു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ച് കിട്ടിയ മധുര മധുരമായ കട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം :-**

1) പരിധിയില്ലാത്ത ബാബയിൽ നിന്നും പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് നേടുന്നതിനായി നേരിട്ട് ഈശ്വരാർത്ഥം ദാനപുണ്യങ്ങൾ ചെയ്യണം. ജ്ഞാനധനത്താൽ സഞ്ചി നിറച്ച് എല്ലാവർക്കും നൽകണം.

2) ഈ പുരുഷോത്തമ സംഗമയുഗത്തിൽ സ്വയം സർവ്വ ബന്ധനങ്ങളിൽ നിന്നും മുക്തമായി ജീവന്മുക്തമാകണം. ബ്രഹ്മരിയ്ക്കുസമാനം ഭൂം ഭൂം ചെയ്ത് തനിക്കുസമാനമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യണം.

## വരദാനം : സർവ്വ പ്രാപ്തികളുടെയും അനുഭവത്തിലൂടെ ശക്തിശാലിയായി മാറുന്നവരായ സദാ സഫലത മൂർത്തിയായി ഭവിക്കട്ടെ.

ആരാണോ സർവ്വ പ്രാപ്തികളുടെയും അനുഭവീ മൂർത്തി അവരാണ് ശക്തിശാലി. അങ്ങനെയുള്ള ശക്തിശാലി സർവ്വ പ്രാപ്തികളുടെയും അനുഭവീ ആത്മാക്കൾക്കു തന്നെയാണ് സഫലതാമൂർത്തിയായി മാറാനും സാധിക്കുക. എന്തുകൊണ്ടെന്നാൽ ഇപ്പോൾ സർവ്വാത്മാക്കളും അന്വേഷിക്കുകയാണ് സുഖശാന്തിയുടെ മാസ്റ്റർ ദാതാവ് എവിടെയാണ്? അതിനാൽ എപ്പോഴാണോ താങ്കളുടെ അടുത്ത് സർവ്വശക്തികളുടെയും സ്റ്റോക്ക് ഉണ്ടാകുന്നത് അപ്പോൾ മാത്രമേ എല്ലാവരെയും സന്തുഷ്ടമാക്കാൻ സാധിക്കുകയുള്ളൂ. എങ്ങനെയാണോ വിദേശരാജ്യങ്ങളിൽ ഒരു സ്റ്റോറിൽ തന്നെ എല്ലാ സാധനങ്ങളും ലഭിക്കുന്നത് അങ്ങനെ കുട്ടികൾക്കുമാകണം. ഇങ്ങനെ ആകരുത് സഹന ശക്തിയുണ്ട്,നേരിടാനുള്ള ശക്തിയില്ല. സർവ്വശക്തികളുടെയും സ്റ്റോക്ക് ആവശ്യമാണ് എങ്കിൽ മാത്രമേ സഫലതാ മൂർത്തിയായി മാറാൻ സാധിക്കൂ..

## സ്ലോഗൻ : മര്യാദകളാണ് ബ്രാഹ്മണ ജീവിതത്തിന്റെ ചുവട്. ചുവടിന്മേൽ ചുവട് വയ്ക്കുക അർത്ഥം ലക്ഷ്യത്തിന് സമീപം എത്തിച്ചേരുക.

**അവ്യക്ത സൂചന : സത്യതയുടെയും സഭ്യതയുടെയും സംസ്കാരത്തെ സ്വായത്തമാക്കൂ..**
ഇന്നത്തെകാലത്ത് ചില ആളുകൾ ഒരു പ്രത്യേക ഭാഷ ഉപയോഗിക്കുന്നു, നമുക്ക് അസത്യം കാണാൻ കഴിയില്ല, നമുക്ക് അസത്യം കേൾക്കാൻ കഴിയില്ല, അതിനാൽ അസത്യം കാണുമ്പോഴും നുണ കേൾക്കുമ്പോഴും ഉള്ളിൽ ആവേശം വരുന്നു. പക്ഷേ അത് അസത്യമാണെങ്കിൽ കൂടാതെ ആ അസത്യം കാണുമ്പോൾ നിങ്ങൾ ആവേശഭരിതനാകുകയാണെങ്കിൽ ആ ആവേശവും അസത്യമല്ലേ? അസത്യത്തെ ഇല്ലാതാക്കാൻ നിങ്ങളുടെ ഉള്ളിൽ സത്യത്തിന്റെ ശക്തി ധാരണ ചെയ്യൂ.